# ഭാഗം 24 വിവർത്തനം

## ഉള്ളടക്കം


24.0. ഉദ്ദേശ്യ ലക്ഷ്യങ്ങൾ
24.1. വിഷയാവതരണം
24.2. വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
24.3. മലയാളത്തിലേക്ക് വിവർത്തനം ചെയ്തു ശീലിക്കാനുള്ള സാമഗ്രികൾ.
24.4. പാഠസംഗ്രഹം
 പുരോഗതി സ്വയം പരിശോധിക്കുക
24.5. പുരോഗതി സ്വയം പരിശോധിക്കുക — ഉത്തരം


## 24.0. ഉദ്ദേശ്യലക്ഷ്യങ്ങൾ.

മനുഷ്യർ ഒരേ ഭാഷയല്ല സംസാരിക്കുന്നത്. ഏഷ്യയിലും, യൂറോപ്പിലും ആഫ്രിക്കയിലുമൊക്കെയായി അനവധി ഭാഷകളുണ്ട്, തനതായ ലിപികളും സാഹിത്യവും ഉള്ളവയായി. ഈ ഭാഷകളെല്ലാം പഠിക്കുകയും, അവയിലെല്ലാം ആശയവിനിമയം ചെയ്യുകയും ചെയ്യുക മനുഷ്യ സാദ്ധ്യമേ അല്ല. എങ്കിലും നാം വിശ്വസാഹിത്യം മനസ്സിലാക്കുന്നു, ഒരു വിശ്വാബോധം വളർത്തിയെടുക്കുന്നു. ഇതിന് മനുഷ്യനെ സഹായിക്കുന്നത് വിവർത്തനം അഥവാ പരിഭാഷയാണ്. ട്രാൻസലേഷൻ എന്ന ഇംഗ്ലീഷ് വാക്കിന് സമാന്തരമായ വാക്കുകളാണവ. അനുവാദമെന്ന വാക്കാണ് ഉത്തരഭാരതത്തിൽ സർവകലാശാലകൾ അംഗീകരിച്ചിട്ടുള്ളത്. ഇംഗ്ലീഷിൽ ഇതിനെക്കുറിച്ച് അനവധി പഠന ഗ്രന്ഥങ്ങൾ ലഭ്യമാണ്. വിവർത്തനത്തെക്കുറിച്ച് ഒരു

സാമാന്യ ജ്ഞാനം ഉണ്ടാക്കിയശേഷം വിവർത്തനത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ച് പ്രത്യേകിച്ചും ഭാഷാ പ്രയോഗത്തിലുണ്ടായിരിക്കേണ്ട പാടവത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാക്കുക എന്നതാണ് ഈ പാഠത്തിൻെറ മുഖ്യമായ ഉദ്ദേശ്യം. വിവർത്തനത്തിൻെറ സാമാന്യ വിഷയങ്ങൾ എല്ലാം തന്നെ ഇവിടെ കൈകാര്യം ചെയ്തിരിക്കുന്നു.

## 24.1. വിഷയാവതരണം.

വിവർത്തനം ഒരു കലയാണെന്നും അതല്ല ശാസ്ത്രമാണെന്നും രണ്ടു അഭിപ്രായമുണ്ട്. രണ്ട് അഭിപ്രായത്തിലും സത്യത്തിൻെറ അംശങ്ങൾ ഉണ്ടുതാനും. വിവർത്തനം കലയാണെന്ന് പറയുമ്പോൾ ആർക്കും ഏതും വിവർത്തനം ചെയ്യാൻ കഴിയുകയില്ലെന്നും അതിന് ജൻമസിദ്ധമായ വാസന ആവശ്യമാണെന്നും ആണ് അർത്ഥം. വിവർത്തനത്തിനു നിയാമകമായ ചില തത്ത്വങ്ങളും ആ തത്ത്വങ്ങൾക്ക് നിയതമായ പ്രയോഗ രീതികളും ഉണ്ടെന്നും അവ പഠിച്ചു പരിശീലിക്കാവുന്നതാണെന്നും ശാസ്ത്രവാദികൾ വിചാരിക്കുന്നു. അത്രമാത്രമേ ഈ വീക്ഷണങ്ങൾ വിഭിന്നമാകുന്നുള്ളൂ. വിവക്ഷയെന്തെന്ന് സൂക്ഷ്മമായി അറിഞ്ഞാൽ അഭിപ്രായ വ്യത്യാസങ്ങൾ പലതും മാഞ്ഞുപോകുമെന്നതിന് ജീവിതത്തിൽ ധാരാളം ഉദാഹരണങ്ങളുള്ള കൂട്ടത്തിൽ വിവർത്തനത്തെക്കുറിച്ചുള്ള ഈ പക്ഷാന്തരവും നിലനിന്നുകൊള്ളട്ടെ. നാം അതിനെക്കുറിച്ച് അത്രയൊന്നും വേവലാതിപ്പെടേണ്ട കാര്യമില്ല.

ഒരു കാര്യം തീർച്ചയാണ്. ലോകത്തിലെ എല്ലാ ഭാഷകളും പരസ്പരം ആശ്രയിച്ചും പരസ്പരം പോഷിപ്പിച്ചുമാണ് വളർന്നിട്ടുള്ളത്. ഈ ബന്ധത്തിന് ഏറ്റവും ഉപയുക്തമായ മാർഗ്ഗം വിവർത്തനമാണുതാനും. വിവർത്തനം ചെയ്യപ്പെട്ട കൃതികൾ ഇല്ലായിരുന്നെങ്കിൽ ഇംഗ്ളീഷ് സാഹിത്യത്തിൻെറ നില എത്രമാത്രം പരിതാപകരമാകുമായിരുന്നു! വിശ്വഭാഷയായ ഇംഗ്ളീഷിൻെറ പോലും നിലയതാണെങ്കിൽ അന്യഭാഷകളുടെ കഥ പറയാനുണ്ടോ? ഒരു വിദേശകൃതി സ്വന്തം ഭാഷയിൽ തർജ്ജമ ചെയ്തു കിട്ടുമ്പോൾ ലോകചിന്തയുടെ മണ്ഡലത്തോട് നാം അത്രമാത്രം അടുക്കുകയാണ്. വിശ്വപൗരത്ത്വത്തോട് അത്രമാത്രം ഇണങ്ങുകയാണ്.

ഒരു ഭാഷയിലുള്ള കൃതി മറ്റൊരു ഭാഷയിലേക്ക് പകർത്തുന്നതിനേയാണല്ലോ വിവർത്തനം എന്നു പറയുന്നത്. ഭാഷാന്തരീകരണമാണ് അത്. യഥാർത്ഥത്തിൽ, അന്യഭാഷാകൃതികളുടെ വായനയിലും ആസ്വാദനത്തിലും ഈ ഭാഷാന്തരീകരണം നടക്കുന്നുണ്ട്. നാം അക്കഥ അറിയുന്നില്ലെന്നേയുള്ളൂ. അവനവൻെറ ഭാഷയുടെ ചട്ടക്കൂട്ടിലും പ്രയോഗശീലങ്ങളിലും പകർന്നുകിട്ടിയാലേ ഏതു കൃതിയും മനുഷ്യന് സ്വായത്തമാവുകയുള്ളൂ. അതുകൊണ്ട് വായനക്കിടയിലെ മൂകമായ വിവർത്തനത്തെ വരമൊഴിയിലാക്കുകയാണ് ഇവിടെ ചെയ്യുന്നതെന്നു പറയാം. പറയാൻ എത്ര എളുപ്പം കഴിഞ്ഞു. മനസ്സിലിരിക്കുന്നത് കടലാസിലാകണമെങ്കിൽ എഴുതുക എന്ന ശാരീരികാധ്വാനം മാത്രം പോരാ എഴുത്തറിയാവുന്നവരെല്ലാം പറയുന്നത്. മനസ്സിലൂറിയത് ഏട്ടിൽ പതിയണമെങ്കിൽ ഏട്ടിൻെറ ശൈലി വരണം, മനസ്സിൻെറ ശൈലിയിൽ ഒതുങ്ങിനിന്നാൽ മതിയാവുകയില്ല.

## 24.2. വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

ആദ്യമേ വേണ്ടത് വിവർത്തനത്തിനെടുക്കുന്ന കൃതിയുടെ ഭാഷയും ഏതുഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയും നന്നായി അറിയുക എന്നതാണ്. ഇംഗ്ളീഷിൽ നിന്ന് മലയാളത്തിലേക്കാണ് തർജ്ജമ ചെയ്യുന്നതെന്നു വിചാരിക്കുക. (നാം പാഠത്തിൽ ചെയ്യുന്നതും അതാണ്) ഇംഗ്ളീഷ്ഭാഗം വായിച്ച് അർത്ഥം മനസ്സിലായാലല്ലേ വിവർത്തനം ചെയ്യാൻ ആകൂ. അതുകൊണ്ട് ഇംഗ്ളീഷ് അറിയണം എന്ന കാര്യത്തിൽ തർക്കമില്ല. മലയാളം മാതൃഭാഷയാകയാൽ അത് എല്ലാവർക്കും അറിയാമെന്നാണ് ധാരണ. ആ ധാരണയാണ് വലിയ ചതി ചെയ്യുന്നത്. മലയാളത്തിൽ വന്നിട്ടുള്ള തർജ്ജമ ഗ്രന്ഥങ്ങളിൽ ചിലതെല്ലാം വായിക്കുമ്പോൾ തോന്നിയിട്ടുള്ളത് അവ തർജ്ജമ ചെയ്തവർക്ക് മലയാളമാണ് ശരിക്ക് അറിയാൻ വയ്യാത്തതെന്നാണ്.

നല്ല തർജ്ജമയുടെ ലക്ഷണം തർജ്ജമയാണെന്നു തോന്നിക്കുകയില്ലെന്നതാണ്. അങ്ങനെ വരണമെങ്കിൽ തർജ്ജമ ചെയ്യുന്ന ഭാഷയിൽ സാമാന്യത്തിലേറെ അറിവുനേടിയിരിക്കണം. ആ അറിവ് വാക്കുകളുടെ അർത്ഥം മനസ്സിലാക്കി വയ്ക്കാൻ മാത്രമല്ല, ഭാഷയുടെ സത്തയിലേക്ക് കടക്കാൻ കഴിയുമാറ് ആത്മീയബന്ധം ആ ഭാഷയുമായും അതിൻെറ ശൈലിയുമായും ഉണ്ടായിരിക്കണം എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈ ആത്മബന്ധമാകട്ടെ, ആ ജൻമവാസനയുടെ സഫലീകരണം എന്ന നിലയ്ക്ക് സംഭവിക്കുന്നതുമാണ്. വിവർത്തനം കലയാണെന്നു പറയുന്നതിൻെറ കാരണം ഇതാണ്.

കലയായിക്കൊള്ളട്ടെ, പക്ഷേ, ഏതു കലയും, ചരിതാർത്ഥമാകുന്നത് നിരന്തരമായ അഭ്യാസംകൊണ്ടാണല്ലോ. ജൻമസിദ്ധമായ വാസനയുണ്ടോ എന്ന് അറിയുന്നതുതന്നെ അഭ്യാസത്തിൽ പരീക്ഷിക്കുമ്പോൾ മാത്രമാണ്.

വിവർത്തനത്തിന് എടുക്കുന്ന ഭാഗം പലയാവർത്തി വായിച്ചുറപ്പിച്ചതിനുശേഷമേ വിവർത്തനം ആരംഭിക്കാവൂ. ആദ്യവായനയിൽ മൊത്തത്തിലുള്ള ആശയം മാത്രമേ മനസ്സിൽ പതിയുകയുള്ളൂ. രണ്ടാമത്തെ വായനയിൽ വിശദാംശങ്ങൾ ശ്രദ്ധിക്കും. അർത്ഥമറിഞ്ഞുകൂടാത്ത വാക്കുകളുണ്ടോ, അർത്ഥമറിയാവുന്ന വാക്കുകൾതന്നെ ഇപ്പോഴത്തെ സന്ദർഭത്തിൽ പ്രസക്തമായ അർത്ഥമെന്താണ് എന്നൊക്കെ ഇവിടെ സൂക്ഷ്മമായി ആലോചിക്കണം. നദിയിൽ വെള്ളം പൊങ്ങി കരകവിഞ്ഞൊഴുകി പതിനായിരം ഉറങ്ങിക്കിടന്നവർ ഒഴുകിപ്പോയി. എന്ന് ഒരിക്കൽ ഒരു പത്രത്തിൽ വന്ന കഥയുണ്ട്. പതിനായിരം റയിൽവേ സ്ളീപ്പറുകൾ ഒഴുകിപ്പോയി എന്നതാണ് വസ്തുത. സ്ളീപ്പർ എന്ന വാക്കിന്റെ അർത്ഥം അറിഞ്ഞുകൂടായിരുന്നതുകൊണ്ടല്ല. ഈ തെറ്റുപറ്റിയത്. സന്ദർഭത്തിൽ എന്താണ് അർത്ഥമെന്ന് പെട്ടെന്ന് ആലോചിക്കാൻ തോന്നാതിരുന്നതാണ് ഇവിടെ പറ്റിയ കുഴപ്പം. ഈ കുഴപ്പത്തിൽപോയി ചാടാതിരിക്കുന്നതല്ലേ ബുദ്ധി?

പദത്തിനു പകരം പദം വച്ചു തർജ്ജമ ചെയ്യുന്നതാണ് നല്ലതെന്നു വിചാരിക്കുന്നവരുണ്ട്. അത് മിക്കപ്പോഴും സാദ്ധ്യമല്ല, എന്നു മാത്രമല്ല, അഭികാമ്യവുമല്ല എന്നതാണ് സത്യം. കാരണം, പദത്തിനു പദം വയ്ക്കാൻ പോകുമ്പോൾ കൃത്രിമമായ ഒരു ശൈലിയാണ് ഉണ്ടാവുക. അങ്ങനെയുള്ള കൃതികൾ ഭാഷയിൽ അലിഞ്ഞുചേരുകയില്ല, അത് ചിന്തയെ സമ്പന്നമാക്കുകയോ അനുഭവത്തെ ധന്യമാക്കുകയോ ചെയ്യാതെ വേകാത്ത ചേനപോലെ കിടക്കും. അതേ സമയം തന്നെ, കേവലം ആശയാനുവാദം എന്ന നിലയ്ക്കു ചെയ്യുന്ന സ്വതന്ത്ര തർജ്ജമകളെ തർജ്ജമ എന്നു വിളിക്കാനും വയ്യ. മുഴുവൻ സ്വാതന്ത്ര്യവും വേണമെന്നുള്ളവർ സ്വന്തം കൃതി എഴുതുകയാണ്, തർജ്ജമ ചെയ്യുകയല്ല വേണ്ടത്. മൂലകൃതിയിലെ ആശയങ്ങളോടും ഭവനാന്തരീക്ഷത്തോടും സത്യസന്ധനായിരിക്കുക എന്നത് വിവർത്തകന്റെ സദാചാരത്തിന്റെ അടിസ്ഥാനതത്ത്വമാണ്. അതിൽ നിന്നു വ്യതിചലിക്കാൻ അയാൾക്ക് അവകാശമില്ല.

കൃതികളെ രണ്ടായി തിരിക്കാം. (1) ഭാവനാത്മകമായ സൃഷ്ടികൾ (2) ആശയ പ്രധാനമായരചനകൾ.ഈ രണ്ടു വിഭാഗത്തിലുംപെട്ട കൃതികൾ തർജ്ജമ ചെയ്യുമ്പോൾ ഒരേ സമീപന രീതിയല്ലസ്വീകരിക്കേണ്ടത്. ഭാവനാത്മകമായ കൃതികൾ ആശയത്തിനല്ല, വികാരങ്ങൾ, മനോഭാവങ്ങൾ, അന്തരീക്ഷം എന്നിവയ്ക്കെല്ലാമായിരിക്കും പ്രാധാന്യം. കൊടുക്കുക. ആശയങ്ങൾക്കുപരിയായി നിൽക്കുന്ന ഈ ആശയങ്ങൾ വിവർത്തനത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ വിവർത്തനം നിർജ്ജീവമായി പോകും. ആശയപ്രധാനമായ കൃതികളിൽ ആശയം ചോർന്നുപോവുകയോ വികൃതമാവുകയോ അവ്യക്തമാവുകയോ ചെയ്യാതെ സൂക്ഷിച്ചാൽ മതി.മൂലഗ്രന്ഥകാരന്റെ ശക്തീകരണങ്ങൾ പരിപാലിക്കപ്പെടുന്നതും ന..ന്. കോടതി, സർക്കാർ-അർദ്ധസർക്കാർ എന്നിവയിലെല്ലാം ഇന്ന് വിവർത്തനം അനിവാര്യമായിരിക്കുന്നു. വിവർത്തനത്തിന്റെ മേഖല വിപുലമാണ്. സാഹിത്യകൃതികളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് അവ തർജ്ജമ ചെയ്യേണ്ടത്. വിധികളും തീരുമാനങ്ങളും മറ്റൊരു ഭാഷയിലേക്കു പരിഭാഷപ്പെടുത്തുമ്പോൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഭാഷയുടെ ഭംഗിയല്ല അവിടെ പ്രശ്നം, വസ്തുതകളുടെ നിർഭ്രാന്തമായ അവതരണമാണ്.

ശൈലികൾ, പഴഞ്ചൊല്ലുകൾ മുതലായവ തർജ്ജമ ചെയ്യുമ്പോൾ വളരെ സൂക്ഷിക്കേണ്ടതുണ്ട്.തത്തുല്യമായ പ്രയോഗങ്ങൾ ഉണ്ടെങ്കിൽ അവ സ്വീകരിക്കാം. ഇല്ലെങ്കിൽ അവയോട് ഏറ്റവും അടുത്തുവരുന്ന പ്രയോഗങ്ങൾ കണ്ടെടുക്കണം. ഇതു രണ്ടും സാദ്ധ്യമല്ലെങ്കിൽ അവയുടെ ആശയം വിവർത്തനത്തിലൂടെ പ്രകാശിക്കാനേ പറ്റൂ. നമ്മുടെ ഭാഷയ്ക്ക് തികച്ചും അന്യമായ പ്രയോഗ വൈചിത്ര്യങ്ങൾ തർജ്ജമ ചെയ്താൽ എങ്ങിനെയിരിക്കും എന്ന് മുൻകൂട്ടി പറയാൻ വയ്യ. അങ്ങനെയുള്ള ചില പ്രയോഗങ്ങൾ ഭാഷ കൈക്കൊണ്ടു എന്നു വരാം. പല പുതു പ്രയോഗങ്ങളും ഭാഷയിൽ വരുന്നതിങ്ങനെയാണ്. എന്നാൽ, എല്ലാ പ്രയോഗങ്ങളും സ്വീകരിക്കപ്പെടുകയില്ല. അവ തിരസ്ക്കരിക്കപ്പെടും. വിവർത്തനം ചെയ്യുന്നയാളുടെ മനോധർമ്മവും ഔചിത്യദീക്ഷയും അയാളെ നയിക്കട്ടെ എന്നേ പറയാൻ പറ്റൂ.

ധാരാളമായി വിവർത്തനം ചെയ്തു ശീലിക്കുക എന്നു മാത്രമേ വിവർത്തനം നന്നാകാനുള്ള മാർഗ്ഗമായി പറയാനുള്ളൂ. ചില ഭാഗങ്ങൾ തുടർന്നു നൽകിയിരിക്കുന്നു. ചിലതിന്റെ വിവർത്തനവും കൊടുത്തിട്ടുണ്ട്. ബാക്കി തന്നത്താൻ ചെയ്യുക. വായിക്കുമ്പോൾ ഇഷ്ടപ്പെടുന്നതെന്തും തർജ്ജമ ചെയ്തു നോക്കുന്നത് ഒരു ശീലമായി വളർത്തിയെടുത്താൽ നന്ന്.

We live under the shadow of a gigantic question mark.
Who are we?
Where do we come from?
Whither are we bound?
Slowly, but with persistent courage, we have been pushing this question mark

further and further towards that distant line, beyond the horizon, where we hope to find our answer.

we have not gone very far.
We still know very little but we have reached the point where (with a fair degree of accuracy) we can guess at many things.

(Hendrik Willem Van Loon)

ഭീമാകാരമായ ഒരു ചോദ്യചിഹ്നത്തിൻെറ നിഴൽപ്പാടിലാണ് നാം ജീവിക്കുന്നത്.

നാം ആരാണ് ?

നമ്മൾ എവിടെനിന്നു വന്നു ?

നാം എങ്ങോട്ടു പോകുന്നു ?

ചക്രവാളത്തിനപ്പുറത്തുള്ള, നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുന്ന വിദൂര രേഖയിലേക്ക് പതുക്കെപ്പതുക്കെ, പക്ഷേ വിട്ടുകൊടുക്കാത്ത ധൈര്യത്തോടെ നാം ഈ ചോദ്യചിഹ്നത്തെ കൂടുതൽ കൂടുതൽ മുന്നോട്ടു തള്ളുകയായിരുന്നു.

വളരെയൊന്നും മുന്നോട്ടു പോകാൻ നമുക്കു കഴിഞ്ഞിട്ടില്ല.
നമുക്കിപ്പോഴും അറിയാവുന്നത് വളരെ കുറച്ചുമാത്രം, എങ്കിലും വളരെക്കാര്യങ്ങൾ (ഏറെക്കുറെ കണിശമായിത്തന്നെ) ഊഹിക്കാൻ കഴിയുന്ന ഒരു ബിന്ദുവിൽ നാം എത്തിച്ചേർന്നിട്ടുണ്ട്.

Every October we celebrate the birth anniversary of a great man and a great Institution: October 2 is the Gandhi Jayanti Day and October 24 is the aniversary of the United of the Nations Organisation. There is something common between these two anniversary celebrations - a fervent desire for peace, solemn respect for individuals and individual nations and their freedom, a deep-seated faith in the future of man.

The appearance of Ghandhiji on the Indian Political scene during the freedom struggle days brought about a qualitative change in our outlook and aims. One who could easily establish a rapport with the teeming millions of India, Gandhiji tokk the message of freedom struggle to the people who lived and suffered in the uncared for villages of India; he instilled into us abhaya, fearlessness, and made us the indomitable, but nonviolent, fighters in the cause of our motherland. To drive out the foreign masters, he told us, we had to demolish the barriers of caste and religion that had put the Indian Society in water-tight compartments, as it were.

ഓരോ ഒക്ടോബറിലും ഒരു മഹാപുരുഷൻെറയും ഒരു മഹാസ്ഥാപനത്തിൻേറയും ജന്മവാർഷികം നാം ആഘോഷിക്കുന്നു. ഒക്ടോബർ 2 ഗാന്ധി ജയന്തിദിനമാണ്. ഒക്ടോബർ 24 ഐക്യരാഷ്ട്രസംഘടന സ്ഥാപിച്ചതിൻെറ വാർഷികവുമാണ്. ഈ രണ്ടു വാർഷികാഘോഷങ്ങളും തമ്മിൽ പൊതുവായി എന്തോ ഒന്നുണ്ട് — സമാധാനത്തിനുവേണ്ടിയുള്ള തീവ്രാഭിലാഷം. വ്യക്തികളുടേയും ഓരോ രാഷ്ട്രത്തിൻേറയും നേരെയുള്ള പവിത്രമായ ആദരവ്, മനുഷ്യൻെറ ഭുവിയിലുള്ള ഗാഢമായ വിശ്വാസം.

സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത് ഗാന്ധിജി പ്രത്യക്ഷപ്പെട്ടത് നമ്മുടെ വീക്ഷണത്തിലും ലക്ഷ്യങ്ങളിലും ഗുണപരമായ ഒരു മാറ്റത്തിനു കാരണമായി. ബഹുസഹസ്രം ഇന്ത്യക്കാരമായി ഉറ്റവൈകാരികബന്ധം സ്ഥാപിക്കാൻ കഴിഞ്ഞ ആളെന്ന നിലയിൽ ഗാന്ധിജിക്ക് അവഗണിക്കപ്പെട്ടുകിടന്നിരുന്ന ഇന്ത്യൻ ഗ്രാമങ്ങളിൽ കഷ്ടപ്പെട്ടു കഴിഞ്ഞുകൂടിയിരുന്നവരുടെ മദ്ധ്യത്തിലേക്ക് സ്വാതന്ത്ര്യ സമരത്തിൻെറ സന്ദേശം എത്തിക്കാൻ കഴിഞ്ഞു. അദ്ദേഹം നമ്മിൽ അഭയം — നിർഭയത്വം — പകർന്നു, അദ്ദേഹം നമ്മെ അജയ്യരായ, അതേസമയം അഹിംസാവാദികളായ മാതൃഭൂമിയുടെ സ്വാതന്ത്ര്യപ്പോരാളികളാക്കി. വിദേശികളായ യജമാനൻമാരെ നാടുകടത്താൻ ഭാരതീയ സമുദായത്തെ വെള്ളം കടക്കാത്ത അറകളാക്കിത്തിരിച്ച് ജാതിയുടേയും മതത്തിൻേറയും വരമ്പുകൾ തകർക്കണമെന്ന് അദ്ദേഹം നമ്മോടു പറഞ്ഞു.

Where the mind is without fear and the head is held high;
Where knowledge is free;
Where the world has not been broken up into fragments by narrow domestic walls;
Where tireless come out from the depth of truth;
Where words striving stretches its arms towards perfection
Where the clear stream of reason has not lost its way into the dreamy desert sand of dead habits;

Where the mind isled forward by thee into ever-widening thought and action
Into that heaven of freedom, my
Father, let my country aware

(Tagore)

എവിടെ മനസ്സ് ഭീതിരഹിതവും
ശിരസ്സ് അനമ്രവും ആണോ
എവിടെ അറിവ് സ്വതന്ത്രമാണോ,
എവിടെ ലോകം ഇടുങ്ങിയ പ്രാദേശിക
ഭിത്തികളാൽ ഖണ്ഡങ്ങളായി മുറിയുന്നില്ലയോ
എവിടെ വാക്കുകൾ സത്യത്തിന്റെ ആഴങ്ങളിൽ
നിന്ന് വരുന്നുവോ,
എവിടെ അക്ഷീണയത്നങ്ങൾ പരിപൂർണ്ണതയിലേക്കു
കരം നീട്ടുന്നുവോ
എവിടെ വിവേകത്തിന്റെ തെളിനീരൊഴുക്ക്
മൃതശീലങ്ങളുടെ ഇരുണ്ട മണൽക്കാട്ടിൽ മറഞ്ഞുപോകുന്നില്ലയോ
എവിടെ മനസ്സ് നിത്യവികസ്വരമായ ചിന്ത
യുടെയും കർമ്മത്തിന്റേയും മണ്ഡലത്തിലേക്ക്
നിന്നാൽ നയിക്കപ്പെടുന്നുവോ
ആ സ്വാതന്ത്ര്യസ്വർഗ്ഗത്തിലേക്ക്, പിതാവേ,
എന്റെ നാട് ഉണരേണമേ.

If there is one thing for which I honour the sumon race more than for another, it is the way in which it goes on arguing. A visitor from another planet, landing on earth, would be amazed at the extent to which controversy flourishes every where except in those ultra-modern countries in which it is forbidden. He would say to himself: 'why do these people argue so hotly? Those who argue were not converted to their beliefs by reason, so why should they hope to convert others by arguments that would not have convinced themselves? The human being seems to be person who jumps mystically to conclusions, Yet who never loses hope of being able to reason others into the same conclusions. The fact that, in spite of the obvious truth of this, men go on arguing, is a proof of the unquenchable optimism of the human race.

(Robert Lynd)

മനുഷ്യവർഗ്ഗത്തെ ഞാൻ ആദരിക്കുന്നതിനുള്ള കാരണങ്ങൾ സർവ്വ പ്രധാനമായി ഒന്നുണ്ടെങ്കിൽ അത് അവർ അവിരാമമായി വാദിച്ചുകൊണ്ടിരിക്കുന്ന നീതിയാണ്. വിവാദങ്ങൾ നിരോധിച്ചിരിക്കുന്ന അത്യന്താധുനിക രാഷ്ട്രങ്ങളൊഴികെ എല്ലായിടത്തും അവ എങ്ങനെ തഴയ്ക്കുന്നു എന്നു കണ്ട് ഭൂമിയിൽ അന്യഗ്രഹത്തിൽനിന്ന് എത്തുന്ന ഒരു സന്ദർശകൻ അത്ഭുതപരതന്ത്രനായിപ്പോകും. അയാൾ തന്നത്താൻ പറയും: "എന്തിനാണ് ആളുകളിങ്ങനെ ചൂടുപിടിച്ചു തർക്കിക്കുന്നത്. ഇങ്ങനെ വാദിക്കുന്നവർ തങ്ങളുടെ വിശ്വാസം സ്വീകരിച്ചത് യുക്തിപൂർവ്വമായ ചിന്തകൊണ്ടല്ല; തങ്ങൾക്കുതന്നെവിശ്വാസം വരുത്താത്ത വാദങ്ങൾകൊണ്ട് മറ്റുള്ളവർക്ക് മനം മാറ്റം വരുത്താമെന്ന് പിന്നെന്തിനാണവർ പ്രതീക്ഷിക്കുന്നത്? ദുർജ്ഞേയമാം വിധം നിഗമനങ്ങളിലേക്കു കുതിക്കുകയും അതേ സമയം അതേ നിഗമനങ്ങൾ മറ്റുള്ളവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാമെന്ന വിശ്വാസം നഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് മനുഷ്യൻ എന്നു തോന്നുന്നു" സുവ്യക്തമായ സത്യമിതായിരിക്കെ മനുഷ്യൻ വാദിച്ചുകൊണ്ടേയിരിക്കുന്നു എന്ന വസ്തുത മനുഷ്യവർഗ്ഗത്തിന്റെ ശമിക്കാത്ത ശുഭാപ്തിവിശ്വാസത്തിന്റെ തെളിവാണ്.

The tame bird was in a cage,
the free bird was in the forest-
They met when the time came,
it was a decree of fate-
The free bird cries, 'O my love, let
us fly to the wood'
The cage bird whispers, " come hither,
let us both live in the cage"-
Says the free bird, "Among bars
where is there room to spread one's wings?"
"Alas", cries the cage bird, " I should not
know where to sit perched in the sky'
The free bird cries", Aly darling
sing the songs of the woodlands'.

The cage bird says, 'sit by my side'.
I will 'each you the speach of the learned'
The forest bird cries, "No, ah, no:
songs can never be taught.
The cage bird says, "Alas for me,
I know not the songs of the woodlands

.....Tagore.

ഇണങ്ങിയ കിളി കൂട്ടിനുള്ളിലായിരുന്നു,
സ്വതന്ത്രയായ കിളി വനത്തിലും.
കാലത്തികവിൽ അവർ കണ്ടുമുട്ടി,
അത് വിധിയുടെ തീരുമാനമായിരുന്നു.
സ്വതന്ത്രയായ കിളി പറഞ്ഞു: ഹാൻ എൻെറ പ്രിയേ
നമുക്കു കാട്ടിലേക്കു പറന്നുപോകാം.
ഇണങ്ങിയ കിളി മൊഴിഞ്ഞു: ഇങ്ങോട്ടു പോരൂ
നമുക്കീ കൂട്ടിനുള്ളുൽ കഴിയാം.
സ്വതന്ത്രയായ കിളി പറഞ്ഞു "അഴികൾക്കിടയിൽ
എവിടെയാണ് ചിറകുവിരിക്കാൻ ഇടം"?
കഷ്ടം: ഇണങ്ങിയ കിളി വിലപിച്ചു: ആകാശത്തിൽ
എവിടെയാണ് കുത്തിയിരിക്കാൻ ഇടമെന്ന് എനിക്കറിഞ്ഞുകൂടാ
സ്വതന്ത്രയായ കിളി പറഞ്ഞു "പ്രിയേ, കാനനത്തിൻെറ പാട്ടുപാടൂ"
ഇണങ്ങിയ കിളി പറഞ്ഞു: "എൻെറ അടുത്തിരിക്കൂ.
പഠിപ്പുള്ളവൻെറ ഭാഷ ഞാൻ പഠിപ്പിക്കാം".
കാട്ടിലെ പക്ഷി കരഞ്ഞു: "ഇല്ല, ഇല്ല
പാടാൻ പഠിപ്പിക്കാനാവുകയില്ല".
കൂട്ടിലേ കിളി പറഞ്ഞു: കഷ്ടം: എനിക്ക്
കാട്ടിലെ പാട്ട് അറിഞ്ഞുകൂടല്ലോ.

## 24.3 മലയാളത്തിലേക്ക് വിവർത്തനം ചെയ്തു ശീലിക്കാൻ സാമഗ്രികം

The history of man is the record of a hungry creature in search of food. Wherever food was plentiful, thither man has travelled to make his home.

The fame of the Vally of the Nile must have spread at an early date. From the interior of Africa and from the dosert of Arabia and from the western part of Asia people had flocked to Egypt to claim their share of the rich farms. Together these invaderes had formed a new race which called itself "Remi" or "Men", just as we sometimes call America "God's own country". They had good reason to be grateful to Fate which had carried them to this narrow strip of land. In the summer of each year–

Why I write? Never has the question "why I write" struck me so far, but today when a friend asked me, I felf as if the question had already been lurking in my mind, as if it has now been taken the form of words through the mouth of my friend.

"Why I write?" I ask myself. "What purpose do I active by writing?" Oh, it is extremely difficult to do creative writing. It takes away sleep from your eyes, it saps your vitality and it cats into the narrow of your bones. Then why do I shorten the already short span of my life? For the first time the question stared boldly at my face.

I don't remember exactly when I first started writing. But what I consider the first genuine literary endeavour, I wrote during the night of February 11, 1955. Up to that time I used to write stories mostly in Urdu and even though the Urdu circles both here and elsewhere in India, recognised me as a good and promising writer. But the fact is that all my writing so far were more the products of my craftmanship. In these endeavours not my heart and soul, but brain alone was put to harness.

But during the night, of Feb. 11, 1955, I could not sleep I felt ill at case and in the hope of conforting my restlessness, I picked up my pen and began to scribble "All of a sudden breestoo (The sweeper) got ferocious and beat his wife Khurshi with his shoe...." and then the pen went on uninterrupted upto the end. On completing this piece I felt relieved like woman whose pains ended with the birth of the child. I felt extremely happy and light. I considered this as my first writing.

(Akhtar mohi-ud-din)

"Socrates", says tenam". gave philosophy to mankind and Artstotle gave it science. There was philosophy before Socrates and science before Aristotle: and since Socrates and since Aristotle Philosophy and science have made immence advances. But all has been built upon the foundation which they laid". Before Aristotle, science was in embriyo, with him it was born.

Earlier civilizations than the Greeks had made attmepet at Science, but so far as we can catch their thought through their still obscure Cuneiform and hierolglyphic script, their science was indistinguishable from theology. That is to say, these pre Hellenic people explained every obscure operation in nature by some supernatural agency; every wheren there were gods. Apparently it was the Ionian Greeks who first dared to give natural explanations of Cosmic complexities and mysterious events; they sought in physics the naturly causes of particular incidents and in philosophy a natural theory of the whole.

4. There have been at different times and among different people many varying conceptions of othe good life. To same extent the differences were amenable to argument this was when men differed as to the means to achieve a given end. Some think that prison is a good way of preventing crime: others hold that education would be better. A differece of this sort can be decided by sufficient evidence. But some differences cannot be tested in this way. Tolstoy condemned all war: others have held the life of a soldier doing battle for the right to be very noble. Here there was probably involved a real difference as to ends. Those who praised the soldier usually consider the punishment of sinners a good thing in itself: Tolstoy did not think so. On such a matter no argument is possilbe. I cannot, therefore, prove that my view of the good life is right: I can only state my view and hope that as many as possible will agree. My view is this: The good life is one inspired by love and guided by knowledge.

In my heart I earny the hope I may some how be able to contribute to the peace of the world. I know has always been your own deepest wish. We both share the conviction that humanity must find a way to control the weapons which now menace the very existance of life on earth. May it be given to us both to sea the day when the world's peoples will realise that the fate of all Lumanity is now at stake, and that it is urgently necessary to make the hold decisions that can deal adequately with the agonizing situation in which the world now finds itself.

There are many great engineers whose names we should not recognise. Men who build bridges, design great ships and aeroplanes, who make railways and wireless stations, are often forgotten. They are content to live in their works. A few names stand out-Brunal, Diamler, Marconi, Ford De Harill and others. But pride of place among engineers is often given to George Stephenson, a man of humble birth, whose vision and Perseverance changed the face of continents.

It is easy to sea what a tremendous discovery the dynamo was. Every use to which we now-a-days put electricity depends upon it, for it gives me lighting, power for heating and cooking, the spark which starts our motor cars and aeroplanes and wireless sets, the motive power for electric tarms and trains. On Faraday's discoveries depend all the experiments of Edison, Marconi and the others who have brought us telphones and wireless. He was a pioneer. He would marvel at the electrical world we live in now, but it is certainly a world whose greatest marvels owe their original to him.

No country can have a country within a country. We have to work for justice-social, economic and political. What does justice mean? It means that all men are equal in the eyes of law but we have to make it a reality by removing discrimination of every kind. We talk about apartheid and for our national unity. But what about the aprthied being practised in our country against Harigans? Untouchability has been abolished by law, but in practice it still continues. Until and unless each individual is prepared to break the barriers which separated man from man, our country will not be able to make any progress.

It needs education of the people. Unfortunately not only among old but also among the youth, illiteracy is still prevalent in our country.

| | | |
|---|---|---|
| Hallemeier | : | (Putting down his flowers on the table and indicates the door) still asleep?. |
| Domin | : | Yes. |

| | | |
|---|---|---|
| Hallemeir | : | Well, as long as She's asleep she can't worry about it. |
| Domin | : | She knows nothing about it. |
| Fabry | : | (Putting plant on writing desk)<br>I certainly hope nothing happens today. |
| Hallemeir | : | For goodness' sake, drope it all look, this is fine cyclaman, Isn't it? A new sort, my latest-Cyclamen Helena. |
| Domin | : | (Picks up binoculars and goes out into balcony) No sign of the ship. Things must be pretty bad. |
| Hallemeier | : | Be quiet. Suppose she heard you. |
| Domin | : | (Coming into room, puts glasses on desk) well, any way the ultimus arrived just in time. |
| Fabry | : | You really think that today....... ?. |
| Domin | : | I don't know. Are'nt the flowers fine? |
| Hallemeier | : | (fondless flowers) These are my primroses. And this is my new jasmine. I have discovered a wonderful way of developing flowers quickly. splendid varieties, too. Next year I 'll be developing marrelous ones. |
| Domin | : | What next year? |
| Fabry | : | I'd give a good deal to know what is happening at Harve with ........ |
| Helena | : | (Off stage) Nana. |
| Domin | : | Keep quiet. She's awake out you gp (All go out on tiptoe) ..... |

10. Quest for freedom can be referred back to man's struggle for existence. It accounts for the triumph of men over nature, in the course of his efforts to satisfy his biological needs. It provides the basis for his constant search for knowledge, which enables him to be progressively free from the tyranny of natural phenomena and physical and social environments. Quest for freedom is a continuation, on a higher level - of intelligence and emotion - of the biological struggle for existence. In modern society an individual, to be free, must not only be able to enjoy economic sufficiency and security, but live in a social psychological atmosphere free from cultural regimentation and helpful to the development of his intellectual and other human potentialities. Progressive attainment of freedom in this wide sense by the individuals, comprising society should provide the criterion for judging the merits of social organisation. Guided by the dictum of ancient wisdom that man is the measure of everything, the philosophy of the future should proclaim that the merit of any pattern of social organisation or political institution is to be judged by the actual measure of freedom it gives to the individual.

## 24.4. പാഠസംഗ്രഹം.

വിവർത്തനം കലയാണെന്നും ശാസ്ത്രമാണെന്നും പറയാറുണ്ട്. വിവർത്തനം കലയാണെന്ന് പറയുന്നതിന്റെ ആശയം ജന്മസിദ്ധമായ വാസനയുള്ളവർക്കേ വിവർത്തനം ഭംഗിയായി ചെയ്യാൻ കഴിയൂ എന്നതാണ്. ശാസ്ത്രമാണെന്നു പറയുന്നവർ വിവക്ഷിക്കുന്നത് അതിന് ഒരു കിറുകൃത്യതയുണ്ടെന്നുള്ളതാണ്. ഒരു ഭാഷയിലുള്ള കൃതി മറ്റൊരു ഭാഷയിലേക്ക് രൂപാന്തരപ്പെടുത്തുന്നതിനേയാണ് സാമാന്യേന തർജ്ജമ എന്നു പറയുന്നത്. ഏതു ഉത്തമ കൃതിയും ആസ്വാദ്യമാകുന്നത് സ്വന്തം ഭാഷയുടെ ചട്ടക്കൂട്ടിലും ശൈലിയിലും അത് ലഭ്യമാകുമ്പോഴാണ്. ലോകാത്തര കൃതികൾ തർജ്ജമയിലൂടെയാണാസ്വദിക്കപ്പെടുന്നത്. എന്ന വസ്തുത തർജ്ജമക്കാരന്റെ ഉത്തരവാദിത്വത്തിന് ഭാരം വർദ്ധിക്കുന്നു. വിവർത്തനം ചെയ്യപ്പെടുന്ന കൃതിയുടെ ഭാഷയും ഏതിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയിലും സ്വാധീനമില്ലാത്ത ഒരാൾ വിവർത്തനത്തിന് പുറപ്പെടരുത്. പദത്തിനു പദം വയ്ക്കുന്ന രീതി ശരിയല്ല. അതുപോലെ തോന്നിയപോലെ ചെയ്യുന്നതും-വിവർത്തകന് ഒരു സദാചാരനിഷ്ഠയുണ്ടാവണം. മൂലകൃതിയോട് പൂർണ്ണമായും കൂറുപുലർത്തുക എന്നതാണത്. ഭാവനാപ്രധാനമായ കൃതികൾ പരിഭാഷപ്പെടുത്തുക വിഷമകരമാണ്. ആശയപ്രധാനമായ കൃതികൾ വിവർത്തനം ചെയ്യാൻ സാങ്കേതികമായ അറിവുണ്ടാവണം. പദസ്വാധീനമാണ് വിവർത്തകന്റെ ശക്തി.

## പുരോഗതി പരിശോധിക്കുക — 1

1. വിവർത്തനത്തെക്കുറിച്ചുള്ള രണ്ടഭിപ്രായങ്ങൾ ഏവ?
2. ഭാഷകളുടെ പരസ്പര ബന്ധത്തിന് ഉപയുക്തമായ മാർഗ്ഗമേത്?
3. ട്രാൻസലേഷൻ എന്ന ഇംഗ്ളീഷ് വാക്കിന് മലയാളത്തിൽ പ്രചരിച്ചിട്ടുള്ള വാക്കുകൾ ഏവ?
4. ഒരു കൃതി മനുഷ്യന് സ്വായത്തമാകുന്നതെങ്ങനെ?
5. എന്താണ് നല്ല തർജ്ജമയുടെ ലക്ഷണം?
6. അത് മിക്കപ്പോഴും സാദ്ധ്യമല്ലെന്നുമാത്രമല്ല അഭികാമ്യവുമല്ല. ഏത്?
7. കൃതികളെ രണ്ടായി തിരിക്കാം. ഏവ?
8. വിവർത്തനം ചെയ്യുക.

    The shadow of a gigantic question
    Where do we come from
    Out book
    water - light compartments
    Where knowledge is free
    Optimision
    The Songs of the wood lands.

## 24.5 പുരോഗതി സ്വയം പരിശോധിക്കുക —ഉത്തരം

1. കലയാണെന്നും, ശാസ്ത്രമാണെന്നും.
2. വിവർത്തനം
3. വിവർത്തനം
   പരിഭാഷാ
   തർജ്ജമ
   ഭാഷാന്തരീകരണം
4. അവനവന്റെ ഭാഷയുടെ ചട്ടക്കൂട്ടിലും പ്രയോഗശീലങ്ങളിലും പകർന്നുകിട്ടിയാൽ.
5. തർജ്ജമയാണെന്ന് തോന്നിക്കുകയില്ല എന്നതാണ്.
6. പദത്തിന് പകരം പദം വച്ച് തർജ്ജമചെയ്യൽ
7. ഭാവനാത്മകമായ സൃഷ്ടികൾ.
   ആശയപ്രധാനമായ രചനകൾ
8. ഭീമാകാരമായ ഒരു ചോദ്യചിഹ്നത്തിന്റെ മുമ്പിൽ
   നമ്മൾ എവിടെ നിന്നു വന്നു?
   വീക്ഷണം.
   വെള്ളം കടക്കാത്ത അറകൾ
   എവിടെ അറിവ് സ്വതന്ത്രമാണോ?
   ശുഭാപ്തി വിശ്വാസം.
   കാട്ടിലെ പാട്ട്.

# Notes